# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 324

30/01/2014ലെ
മറുപടിക്ക്

**പി.എസ്.സി. പരീക്ഷകളിലെ നെഗറ്റീവ് മാർക്ക്**

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. നടത്തുന്ന ഒ.എം.ആർ. പരീക്ഷകളിൽ നെഗറ്റീവ് മാർക്ക് കണക്കാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) പി.എസ്.സി. നടത്തുന്ന എല്ലാ ഒ.എം.ആർ. പരീക്ഷകൾക്കും നെഗറ്റീവ് മാർക്ക് കണക്കാക്കുന്നുണ്ട്. ശരിയായ ഉത്തരത്തിന് ഒരു (1) മാർക്ക് നൽകുകയും തെറ്റായ ഉത്തരത്തിന് മൂന്നിൽ ഒന്ന് (1/3) മാർക്ക് കുറയ്ക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) നെഗറ്റീവ് മാർക്ക് കണക്കാക്കുമ്പോൾ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി)യും<br><br>നെഗറ്റീവ് മാർക്ക് കണക്കാക്കുമ്പോൾ ഫ്രാക്ഷണൽ മാർക്ക് കൂടി പരിഗണിച്ചുകൊണ്ടാണ് ഒ.എം.ആർ. വാല്യൂവേഷൻ നടത്തുന്നത്. അതിനാൽ നെഗറ്റീവ് മാർക്ക് കണക്കാക്കുമ്പോൾ അപാകതകൾ ഒന്നും തന്നെയില്ല. |
| (സി) ഇതിനായി പുതിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ